# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 882** **11.06.2014-ലെ മറുപടിക്ക്**

**മോട്ടോർ തൊഴിലാളി ക്ഷേമനിധി വിഹിതം അടയ്ക്കുന്നതിന് ഏകീകൃത സംവിധാനം**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. എ.എ. അസീസ്** | **ശ്രീ. ഷിബു ബേബിജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)** |
| ഏത് ആർ.ടി.ഒ. ഓഫീസിൽ രജിസ്റ്റർ ചെയ്താലും കേരളത്തിലെവിടെയുമുള്ള ക്ഷേമ നിധി ഓഫീസുകളിൽ ക്ഷേമനിധി വിഹിതം അടയ്ക്കുവാനുള്ള സംവിധാനം നടപ്പിലാക്കുമോ ? | നിലവിൽ ഏത് ആർ.റ്റി.ഒ. ആഫീസിലാണോ വാഹനം രജിസ്റ്റർ ചെയ്തിട്ടുള്ളത് ആ ആർ.റ്റി.ഒ. ആഫീസ് സ്ഥിതി ചെയ്യുന്ന ജില്ലയിലെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ആഫീസിൽ മാത്രമേ ക്ഷേമനിധി വിഹിതം സ്വീകരിക്കുവാൻ കഴിയൂ. തൊഴിലാളികൾക്കും തൊഴിലുടമകൾക്കും യാതൊരു വിധ അസൗകര്യങ്ങളും ഉണ്ടാകാതിരിക്കാനായി ബോർഡിന്റെ 14 ജില്ലാ ആഫീസുകൾ കൂടാതെ ആർ.റ്റി.ഒ. ആഫീസുകളുടെ സമീപത്തായി 49 കളക്ഷൻ സെന്ററുകളും ക്ഷേമനിധി വിഹിതം സ്വീകരിക്കുന്നതിനായി ബോർഡ് ആരംഭിച്ചിട്ടുണ്ട്. ഓൺലൈൻ രജിസ്ട്രേഷൻ നടപ്പിലാകുന്നതോടു കൂടി മാത്രമേ ഏത് ആർ.റ്റി.ഒ. ആഫീസിൽ രജിസ്റ്റർ ചെയ്താലും ഏത് ജില്ലയിലും ക്ഷേമനിധി വിഹിതം സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. ഓൺലൈൻ രജിസ്ട്രേഷൻ നടപ്പാക്കുന്നത് ബോർഡിന്റെ സജീവ പരിഗണനയിൽ ഉണ്ട്. |

**സെക്ഷൻ ഓഫീസർ**